(c) Non-official organisations claiming to represent the daily newspapers and the weekly newspapers in the State conducted the elections.

(d) In view of the answer to (c) this question does not arise.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: വക്കീംഗ് ജേർണലിസ്റ്റിന്റെ ഒരു പ്രതിനിധിയെക്കൂടി ഈ അഡൈസറി ബോർഡിൽ ഉൾപ്പെടുത്തണമെന്നു കാണിച്ച് വല്ല അപേക്ഷയും കിട്ടിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഉണ്ട്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: അതേപ്പറ്റി ആലോചിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഇപ്പോൾ രൂപവൽക്കരിച്ചിരിക്കുന്ന ബോർഡിൽ ഉൾപ്പെടുത്തണമെന്നു ആലോചനയില്ല.

വെഹിക്കിൾ ടാക്സ്

*൪൩൭. (൩൩) ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൃഷിയാവശ്യത്തിനു ഉപയോഗിക്കുന്ന വണ്ടികൾ ടാക്സ് പിരിവിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ടോ?

(ബി) ഇല്ലെങ്കിൽ അത്തരം വാഹനങ്ങളിൽനിന്നും ഒരാണ്ടത്തെ വരുമാനം എത്ര;

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ)

(എ) ഇല്ല.

(ബി) ൪൦൦൦൦ രൂപ.

ശ്രീ. ഇട്ടീര അയ്യക്കൻ: ഈ വരവ് കൊച്ചിയിൽനിന്നു മാത്രമാണോ?

ശ്രീ. എ. ജെ. ജോൺ: അല്ല. തിരുവിതാംകൂർ കൊച്ചിയിൽ നിന്നുമാണ്.

മിസ്റ്റർ സ്പീക്കർ: ചോദ്യോത്തരത്തിനുള്ള സമയം അവസാനിച്ചിരിക്കുന്നു

Written answers

എൻ. ജി. ഒ. മെമ്മൊറാണ്ടം

*൪൩൮. (൩൪) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) എൻ. ജി. ഒ അസോസിയേഷനിൽനിന്നും പി. ഡബ്ലിയു ഡിവക്കു എസ്റ്റാബ്ലിഷ്മെൻറുകാരുടെ ഒരു മെമ്മൊറാണ്ടം ഗവൺമെണ്ടിലേക്കു അയച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു സംബന്ധിച്ചു എന്തു നടപടി നടത്തി?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) പി. ഡബ്ലിയു. ഡി. വക്കുഷോപ്പിലേയ്ക്ക് എസ്റ്റാബ്ലിഷ്മെൻറുകാരുടെ ഒരു മെമ്മൊറാണ്ടം കിട്ടിയിട്ടുണ്ട്.

(ബി) മെമ്മൊറാണ്ടത്തിലെ അപേക്ഷയനുസരിച്ചു വക്കുഷോപ്പിലെ വക്കു എസ്റ്റാബ്ലിഷ്മെൻറുകാരുടെ അടിസ്ഥാനശമ്പളം പ്രതിമാസം ൫൦ രൂപായും ക്ഷാമബത്ത പ്രതിമാസം ൫൦ രൂപായും ആയിവർദ്ധിപ്പിച്ചു. മെമ്മൊറാ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന ബോണസ്സു, അവധി, പ്രോവിഡൻറ ഫണ്ടു മുതലായ സംഗതികളെക്കുറിച്ചു ഗവണ്മെൻറ ആലോചിച്ചുവരുന്നു.

വില കൂടുതൽ അലവൻസു്

*൪൩൯. (൩൪) ശ്രീ. കെ. എൻ. കൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ. —

(എ) ഉദ്യോഗസ്ഥന്മാരുടെ വില കൂടുതൽ അലവൻസു വർദ്ധിപ്പിക്കണമെന്നു എൻ. ജി. ഒ. അസോസിയേഷനിൽനിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ?

(ബി) ഇതിനെ സംബന്ധിച്ചു് ഗവണ്മെൻറിൽനിന്നും എന്തു നടപടിയാണു് കൈക്കൊണ്ടിട്ടുള്ളതു്?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ടു്.

(ബി) പ്രസ്തുത സംഗതി ഗവണ്മെൻറിൻെറ അവഗാഢമായ പരിഗണനയിലിരിക്കുകയാണു്.

വെറ്ററിനറി ഡയറക്ടർ

*൪൭൦. (൩൬) ശ്രീ. കണ്ണാറ ഗോപാലപണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) തിരു-കൊച്ചി വെറ്ററിനറി ഡയറക്ടർ ഇൻറർമെഡിയറ പരീക്ഷ പാസ്സായിട്ടുള്ള ആളാണോ? പാസ്സായിട്ടുണ്ടെങ്കിൽ ഏതു കാളേജിൽനിന്നും, ഏതുകൊല്ലം?

(ബി) ഇന്നത്തെ വെറ്ററിനറി ഡയറക്ടർ വെറ്ററിനറി മെഡിസിനു് അംഗീകാരമുള്ള പോസ്റ്റ്ഗ്രാഡുവേറ്റ ഡിപ്ലോമ എവിടെ നിന്നെങ്കിലും എടുത്തിട്ടുണ്ടോ? ഏതു യൂണിവേഴ്സിറ്റിയിൽ നിന്നാണു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ ടി. കെ. നാരായണപിള്ള):

(എ) അതേ. മദ്രാസ്സു് കൃസ്ത്യൻ കാളേജിൽനിന്നും ഫസ്റ്റ് ക്ലാസ്സു സെപ്റ്റമ്പർ മാസത്തിൽ ഇൻഡർമീഡിയറ് പരീക്ഷ പാസായിട്ടുണ്ടു്.

(ബി) പോസ്റ്റ് ഗ്രാഡുവേറ്റ ഡിപ്ലോമ എടുത്തിട്ടില്ല.

വെറ്ററിനറി ഡിപ്പാർട്ടുമെണ്ടു്

*൪൭൨. (൩൭) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ—

(എ) ഗവണ്മെണ്ടു് അംഗീകരിച്ച Retrenchment Scheme അനുസരിച്ചു് തിരുവിതാംകൂർ-കൊച്ചി വെറ്ററിനറി ഡിപ്പാർട്ടുമെൻറിൽനിന്നും എത്ര ഉദ്യോഗങ്ങൾ കുറവു ചെയ്തിട്ടുണ്ടു്;

(ബി) ഇതിൽ എത്രപേരെ പിരിച്ചുവിട്ടിട്ടുണ്ടു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൫ ൦.

LIBRARY ARCHIVES Kerala Legislative Assembly